# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 387 — 12.01.2021-ൽ മറുപടിക്ക്

## കായംകുളം കൃഷ്ണപുരം കൊട്ടാരം

**ചോദ്യം**

ശ്രീമതി യു.പ്രതിഭ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും, ഓരോ പദ്ധതികൾക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ 2017-18 സാമ്പത്തിക വർഷത്തിൽ 49.75 ലക്ഷം രൂപ ചെലവഴിച്ച് പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. കൊട്ടാരത്തിന്റെയും പരിസരത്തിന്റെയും സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് CCTV ക്യാമറകൾ 60.69 ലക്ഷം രൂപ ചെലവഴിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽ കൊട്ടാര പരിസരം പൂർണ്ണമായും സൗന്ദര്യവൽക്കരണം നടത്തി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുൽത്തകിടികൾ, ഇരിപ്പിടങ്ങൾ, ജലധാര തുടങ്ങിയവ 61.67 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചു. കൂടാതെ അഗ്നിരക്ഷാ ഉപകരണങ്ങൾ മറ്റനുബന്ധ സുരക്ഷാ പ്രവൃത്തികൾ എന്നിവ 15,89,797/- രൂപ ചെലവഴിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**